പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 968 12.06.2014-ൽ മറുപടിക്ക്.

**2013-14 വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുകയെത്രയായിരുന്നു; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് സംസ്ഥാന പദ്ധതിയിനത്തിൽ 24610 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 41110.70 ലക്ഷം രൂപയും വകയിരുത്തുകയുണ്ടായി. പദ്ധതിവിഹിതത്തിന് പുറമേ സീമാറ്റ്-കേരളയ്ക്ക് വിഷൻ 2020 പ്രോജക്ടിന് 50 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. കൂടാതെ സർവ്വശിക്ഷാ അഭിയാന് 65.35 അനുപാതത്തിൽ 402.94 കോടി രൂപ കേന്ദ്രം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 35 % സംസ്ഥാന വിഹിതമാണ്. |
| (ബി) വകയിരുത്തിയ തുകയിൽ നിന്ന് എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ച പദ്ധതിയിനത്തിൽ 17556.81 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതി-യിനത്തിൽ 18658.53 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. സീമാറ്റ്- കേരള-യുടെ വിഷൻ 2020 പ്രോജക്ടിന് ലഭിച്ച തുകയിൽ 1.68 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാന് ലഭിച്ച തുകയിൽ 401 കോടി രൂപ ചെലവഴിച്ചു. |

(സി) വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ലെങ്കിൽ കാരണം വിശദമാക്കാമോ; ഏതെല്ലാം പദ്ധതികൾക്കുള്ള തുകയാണ് ലാപ്സായത്; വ്യക്തമാക്കാമോ?

(സി) ഹയർ സെക്കന്ററി മേഖലയിൽ ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള തുക ഐടി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് അടിസ്ഥാന സൗകര്യവികസനത്തിന് വകയിരുത്തിയ 5600 ലക്ഷം രൂപയുടെയും. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് വകയിരുത്തിയ 400 ലക്ഷം രൂപയുടെയും, നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.(ഇവയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്). തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ സാക്ഷരതാമിഷന് ചില പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിനാൽ 626.94 ലക്ഷം രൂപ സറണ്ടർ ചെയ്യുകയുണ്ടായി. തുക വകയിരുത്തിയതിൽ ചെലവഴിക്കാൻ കഴിയാത്തവയിൽ സൗജന്യവും, നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്.

Sheela H

സെക്ഷൻ ഓഫീസർ